REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-11-2024 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കേരളം അതി ദാരിദ്ര്യമുക്തമായതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പ്രഖ്യാപിച്ചു. ഔദ്യോഗിക പ്രഖ്യാപനം വൈകിട്ട് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ.**
- **കേരളത്തിലെ അതിദാരിദ്ര്യം അവസാനിച്ചെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ജനങ്ങളിൽ തെറ്റിദ്ധാരണ ഉണ്ടാക്കാനാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ. പ്രതിപക്ഷം നിയമസഭ ബഹിഷ്കരിച്ചു.**
- **മലയാളദിനാഘോഷവും, ഭരണഭാഷാ വാരാഘോഷവും ദർബാർഹാളിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.**
- **എഴുത്തച്ഛൻ പുരസ്കാരം പ്രൊഫസർ KG ശങ്കരപ്പിള്ളയ്ക്ക്.**
- **രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരള - കർണാടക മത്സരം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.**

## വാർത്തകൾ വിശദമായി

കേരളം അതി ദാരിദ്ര്യമുക്തമായതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പ്രഖ്യാപിച്ചു. പ്രത്യേക നിയമസഭാ സമ്മേളനത്തിലാണ് മുഖ്യമന്ത്രിയുടെ പ്രഖ്യാപനം.

അതിദരിദ്രരില്ലാത്ത ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞു എന്ന കാരണത്താൽ, ചരിത്രത്തിൽ ഇടംനേടുന്ന കേരളപ്പിറവിയാണ് ഇതെന്ന് മുഖ്യമന്ത്രി അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.....

2021-ൽ പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞയ്ക്കുശേഷം ചേർന്ന ആദ്യ മന്ത്രിസഭാ യോഗത്തിൽ എടുത്ത പ്രധാന തീരുമാനമായിരുന്നു കേരളത്തിലെ അതിദാരിദ്ര്യ നിർമ്മാർജ്ജനമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ ജനങ്ങൾക്ക് നൽകിയ ഒരു സുപ്രധാന വാഗ്ദാനം നിറവേറ്റുന്നതിന്റെ തുടക്കം കൂടിയായിരുന്നു ഇത്. തുടർന്ന് രണ്ട് മാസത്തിനകം അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്താൻ സർവെ ആരംഭിച്ചു. തദ്ദേശസ്ഥാപന തലത്തിൽ കണ്ടെത്തിയ കുടുംബങ്ങളെ സൂക്ഷ്മപരിശോധനയിലൂടെ കണ്ടെത്തി കരട് പട്ടിക തയ്യാറാക്കുകയായിരുന്നു. അതിൽ നിന്നാണ് 1,032 തദ്ദേശസ്ഥാപനങ്ങളിലായി 64,006 കുടുംബങ്ങളിലെ ഒരു ലക്ഷത്തി 3,099 പേരെ അതിദരിദ്രരായി കണ്ടെത്തിയത്. അതിനുശേഷം ഹ്രസ്വകാല-ഇടക്കാല-ദീർഘകാല പരിപാടികളായി തരംതിരിച്ച് ഓരോ കുടുംബത്തിനും മൈക്രോ പ്ലാനുകൾ തയ്യാറാക്കി അവരെ സ്വയംപര്യാപ്തരാക്കുകയായിരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 1,000 കോടിയിലധികം രൂപയാണ് കേരളം ചെലവഴിച്ചത്. ഈ അഭിമാനകരമായ നേട്ടം കേരള ജനതയ്ക്കാകെ അവകാശപ്പെട്ടതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കേരളം അതിദാരിദ്ര്യമുക്തമായതിന്റെ ഔദ്യോഗിക പ്രഖ്യാപനം വൈകിട്ട് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തും. ചടങ്ങിൽ മോഹൻലാൽ, മമ്മൂട്ടി, കമൽ ഹാസൻ എന്നിവർ പ്രത്യേക അതിഥികളായി പങ്കെടുക്കും. മന്ത്രിമാരും, ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

കേരളം അതി ദാരിദ്ര്യമുക്തമാണ് എന്നത് രഹസ്യമായ കാര്യമല്ലെന്നും, പ്രതിപക്ഷം എന്തിനാണ് ഇതിനെ ഭയക്കുന്നതെന്ന് മനസിലാകുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. എല്ലാ നേട്ടങ്ങളേയും തട്ടിപ്പെന്ന് പറയുന്നത് പ്രതിപക്ഷത്തിന്റെ ശീലമാണെന്നും അദ്ദേഹം പ്രതിപക്ഷാരോപണത്തിന് മറുപടി നൽകി. കേരളം അതിദാരിദ്ര്യമുക്തമായത് ചരിത്രപ്രധാന്യമേറിയ കാര്യമാണ്. നിയമസഭയിൽ ഇക്കാര്യം അറിയിക്കുന്നതാണ് ഏറ്റവും ഉചിതം എന്ന വിലയിരുത്തലിലാണ് നിയമസഭ വിളിച്ചുകൂട്ടിയതെന്നും മുഖ്യമന്ത്രി വിശദീകരിച്ചു.

✪✪✪

അതിദാരിദ്ര്യം  അവസാനിച്ചെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പച്ചനുണകളുടെ സമാഹാരമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. തെരഞ്ഞെടുപ്പിന് മുമ്പ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ് ഇത്തരം പ്രചാരണങ്ങളെന്നും ഗവൺമെന്റിന്റെ പ്രഖ്യാപനത്തിലെ പൊള്ളത്തരങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുമെന്നും സതീശൻ അടക്കം പ്രതിപക്ഷ നേതാക്കൾ അറിയിച്ചു.

നിയമസഭയിൽ ഒരു ചർച്ചയും നടത്താതെ അതിദാരിദ്ര്യമുക്ത പ്രഖ്യാപനത്തിന് വേണ്ടി മാത്രം ലക്ഷങ്ങൾ മുടക്കി സമ്മേളനം വിളിച്ചത് പ്രഹസനമാണെന്നും VD സതീശൻ പറഞ്ഞു.  ഗവൺമെന്റ് പരസ്യത്തിലെ വിവരങ്ങൾ നിയമസഭയിൽ 140 MLA മാരെ ഒരിക്കൽകൂടി വായിച്ച് കേൾപ്പിക്കാനാണ് സഭ വിളിച്ചതെന്നും അതുകൊണ്ടാണ് ബഹിഷ്കരണത്തിന് തയ്യാറായതെന്നും സതീശൻ വിശദീകരിച്ചു.

✪✪✪

കേരളം ഉൾപ്പെടെ രൂപീകരണ ദിനം ആഘോഷിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ അറിയിച്ചു. കർണാടക, മധ്യപ്രദേശ്, ഹരിയാന, ഛത്തീസ്ഗഡ് സംസ്ഥാനങ്ങൾക്കാണ് രൂപീകരണ ദിനത്തിൽ പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിലൂടെ ആശംസകൾ നേർന്നത്.

കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും നൂറ്റാണ്ടുകളുടെ പൈതൃകവും ഇന്ത്യയുടെ സാംസ്കാരിക സമ്പത്താണെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിവിധ മേഖലകളിലും ലോകത്തെമ്പാടും മലയാളികൾ മികവുറ്റ പ്രവർത്തനങ്ങളാണ് കാഴ്ച വെക്കുന്നതെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

മലയാളദിനാഘോഷവും, ഭരണഭാഷാ വാരാഘോഷവും മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം ദർബാർഹാളിൽ  ഉദ്ഘാടനം ചെയ്തു.  മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു.  ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി ഡോ. V.P. ജോയ് മുഖ്യപ്രഭാഷണം നടത്തും.  ചീഫ്സെക്രട്ടറി ഡോ. A ജയതിലക് ജീവനക്കാർക്ക് ഭരണഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

മലയാളഭാഷയ്ക്കു നൽകിയ വിലപ്പെട്ട സംഭാവനകൾ കണക്കിലെടുത്ത് K.K സരസമ്മ,  ഡോ. MM ബഷീർ എന്നിവരെ ചടങ്ങിൽ ആദരിക്കും. 'സമകാലിക ജനപഥം' ഭരണഭാഷാപതിപ്പിന്റെ പ്രകാശനവും, സംസ്ഥാനതല ഭരണഭാഷാപുരസ്കാര വിതരണവും മുഖ്യമന്ത്രി നടത്തും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ പരമോന്നത സാഹിത്യ സമ്മാനമായ എഴുത്തച്ഛൻ പുരസ്കാരം പ്രൊഫസർ KG ശങ്കരപ്പിള്ളയ്ക്ക് സമ്മാനിക്കും. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സമഗ്ര സംഭാവന മുൻനിർത്തിയാണ് പുരസ്കാരം. അഞ്ച് ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് എഴുത്തച്ഛൻ പുരസ്കാരം. "KG ശങ്കരപ്പിള്ളയുടെ കവിതകൾ" ക്ക് 2002-ലെ കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് ലഭിച്ചിരുന്നു. ബംഗാൾ എന്ന കവിതയിലൂടെയാണ് സാഹിത്യ രംഗത്ത് അദ്ദേഹം മുൻനിരയിലേക്ക് വന്നത്. എറണാകുളം മഹാരാജാസ് കോളജിന്റെ പ്രിൻസിപ്പലായിരുന്നു അദ്ദേഹം. മലയാള കവിതയുടെ ആധുനിക കാലഘട്ടത്തിലെ ശ്രദ്ധേയനായ എഴുത്തുകാരനാണ് KGS എന്നറിയപ്പെടുന്ന KG ശങ്കരപ്പിള്ള.

എഴുത്തച്ഛൻ എന്ന കൊടുമുടിയിലേക്കാണ് ഒരോ കവിയുടെയും സഞ്ചാരമെന്നും, എഴുത്തച്ഛൻ പുരസ്കാരത്തിനപ്പുറം മറ്റൊരു പുരസ്കാരമില്ലെന്നും ഏത് എഴുത്തുകാരന്റെയും സ്വപ്നമാണ് അതെന്നും KG ശങ്കരപ്പിള്ള അവാർഡിനോട് പ്രതികരിച്ചു. നീതി കേന്ദ്രസത്തയായ ജനപക്ഷ കവിതകളാണ് തന്റേതെന്നും KGS പറഞ്ഞു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ചെയർപേഴ്സണായ റസൂൽ പൂക്കുട്ടി ചുമതലയേറ്റു. തിരുവനന്തപുരത്തെ ചലച്ചിത്ര അക്കാദമി ഓഫീസിൽ എത്തിയാണ് അദ്ദേഹം സ്ഥാനമേറ്റത്.

നടിയും താരസംഘടനയായ 'അമ്മ'യുടെ ജനറൽ സെക്രട്ടറിയുമായ കുക്കു പരമേശ്വരനാണ് പുതിയ വൈസ് ചെയർപേഴ്സൺ.

✪✪✪

ഇന്ന് നടക്കേണ്ടിയിരുന്ന സംസ്ഥാന ചലച്ചിത്ര അവാർഡ് പ്രഖ്യാപനം മാറ്റി. തിങ്കളാഴ്ച വൈകീട്ട് തൃശൂരിൽ മന്ത്രി സജി ചെറിയാൻ അവാർഡ് പ്രഖ്യാപനം നടത്തും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഛത്തീസ്ഗഡ് സന്ദർശിക്കും. സംസ്ഥാനത്തിന്റെ 25-ാം രൂപീകരണ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന അദ്ദേഹം, 14,260 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. നിരവധി പൊതുപരിപാടികളിലും പ്രധാനമന്ത്രി പങ്കെടുക്കും.

ഛത്തീസ്ഗഡ് നിയമസഭാ മന്ദിരത്തിലെ പുതിയ സമുച്ചയത്തിൽ മുൻ പ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയുടെ പ്രതിമ അദ്ദേഹം അനാവരണം ചെയ്യും. പുതിയ അസംബ്ലി മന്ദിരം നാടിന് സമർപ്പിക്കുന്ന പ്രധാനമന്ത്രി ജനങ്ങളെ അഭിസംബോധന ചെയ്യും.

✪✪✪

സെപ്റ്റംബർ 22-ന് നരേന്ദ്ര മോദി ഗവൺമെന്റ് പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഗണ്യമായ ആശ്വാസം നൽകുന്നു. ഇലക്ട്രോണിക്സ് രംഗത്തെ GST പരിഷ്കാരങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ഒരു റിപ്പോർട്ട്.

...........വോയ്സ്.......

കുറഞ്ഞവിലയിൽ ഉൽപന്നങ്ങൾ വാങ്ങാമെന്നായതോടെ വരുംതലമുറ GST പരിഷ്കാരങ്ങൾ ഇലക്ട്രോണിക്സ് മേഖലയിൽ പുതിയ ഉണർവ് ദൃശ്യമാണ്. എയർ കണ്ടീഷണറുകൾ, ഡിഷ് വാഷറുകൾ, ടെലിവിഷനുകൾ തുടങ്ങിയവയ്ക്ക് GST നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചതോടെ താഴ്ന്ന വരുമാനക്കാർക്കും ഇവ വാങ്ങാൻ കഴിയുന്നുണ്ട്.

ആഭ്യന്തര ഉൽപാദകരുടെ വിപണി വിപുലീകരണത്തിനും നടപടി സഹായിക്കുന്നു. മോണിറ്ററു കൾക്കും പ്രൊജക്ടറുകൾക്കും GST നിരക്ക് 28 ൽ നിന്ന് 18 ശതമാനമായി കുറച്ചു. ഈ നീക്കം ഉപഭോക്താക്കൾക്ക് ഗുണം ചെയ്യുക മാത്രമല്ല, രാജ്യത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്.

✪✪✪

പരിശീലനം പൂർത്തിയാക്കിയ 408 റിക്രൂട്ട് സേനാംഗങ്ങളുടെ സംയുക്ത പാസിംഗ് ഔട്ട് പരേഡ് തിരുവനന്തപുരം പേരൂർക്കട സ്പെഷ്യൽ ആംഡ് പോലീസ് പരേഡ് ഗ്രൗണ്ടിൽ നടത്തി. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിൽ അഭിവാദ്യം സ്വീകരിച്ചു. ഈ വർഷത്തെ മുഖ്യമന്ത്രിയുടെ പൊലീസ്, ഫോറസ്റ്റ് മെഡലുകൾ പിണറായി വിജയൻ സമ്മാനിച്ചു.

✪✪✪

നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിച്ച പുസ്തക പ്രദർശനം സ്പീക്കർ AN ഷംസീർ ഉദ്ഘാടനം ചെയ്തു. ഈ മാസം ഏഴ് വരെ നീളുന്ന പ്രദർശനത്തിൽ വയലാർ അവാർഡ് നേടിയ കൃതികൾ, നിയമസഭ പാസാക്കിയ ഒദ്യോഗിക ഭാഷാ നിയമ രേഖകൾ, ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ, നിഘണ്ടുകൾ, വിജ്ഞാനകോശങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരള - കർണാടക മത്സരം തിരുവനന്തപുരം മംഗലപുരത്തെ KCA സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ കർണാടക ബാറ്റിങ് തിരഞ്ഞെടുക്കുകയായിരുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ കർണ്ണാടക രണ്ട് വിക്കറ്റ് നഷ്ടത്തിൽ 103 റൺസ് എടുത്തു.

✪✪✪

വിഷൻ 2031 നവകായിക കേരളം മികവിന്റെ പുതു ട്രാക്കിൽ' എന്ന പേരിൽ സംസ്ഥാന കായിക വകുപ്പ്, കായിക സെമിനാർ സംഘടിപ്പിക്കും. നാളെ മലപ്പുറം റോസ് ലോഞ്ച് ഓഡിറ്റോറിയത്തിൽ മന്ത്രി V അബ്ദുറഹിമാൻ സെമിനാർ ഉദ്ഘാടനം ചെയ്യും.

✪✪✪

30-ആത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ സംഘാടക സമിതി രൂപീകരണ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. ഉച്ച കഴിഞ്ഞ് ടാഗോർ തിയേറ്ററിലാണ് യോഗം.

✪✪✪

ആശാപ്രവർത്തകർ സെക്രട്ടേറിയറ്റ് പടിക്കൽ 266 ദിവസമായി നടത്തുന്ന സമരം ഇന്ന് അവസാനിപ്പിച്ചു. ഓണറേറിയം 21,000 രൂപയാക്കി ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ച് സമരം ജില്ലാ കേന്ദ്രങ്ങളിൽ തുടരുമെന്ന് നേതാക്കൾ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

വൈജ്ഞാനിക മേഖലയിൽ ആദ്യമായി മലയാളം ഓൺലൈൻ കോഴ്സുകൾ വികസിപ്പിച്ച കാലിക്കറ്റ് യൂണിവേഴ്സിറ്റി എജുക്കേഷണൽ മൾട്ടിമീഡിയ റിസർച്ച് സെന്റർ, വിവിധ വിഷയങ്ങളിൽ പുതിയ ഓൺലൈൻ കോഴ്സുകൾ ജനുവരിയിൽ ആരംഭിക്കും. ഹരിത രസതന്ത്രം, മധ്യകാല കേരള ചരിത്രം, ജിയോ ഇൻഫർമാറ്റിക്സ്, ടൂറിസം എന്നീ വൈജ്ഞാനിക മേഖലകളിലെ കോഴ്സുകളാണ് EMMRC വികസിപ്പിച്ചത്.

ഇന്ത്യാ ഗവൺമെന്റ് ഓൺലൈൻ കോഴ്സുകളുടെ പോർട്ടലിലൂടെ വിദ്യാർത്ഥികൾക്ക് കോഴ്സുകളിൽ സൗജന്യമായി രജിസ്റ്റർ ചെയ്ത് പഠിക്കാവുന്നതാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി അംഗീകരിച്ച പുതിയ ബിരുദ ഓണേഴ്സ് ഡിഗ്രി സിലബസിലാണ് കോഴ്സുകൾ വികസിപ്പിച്ചത്.

✪✪✪

ശബരിമല സ്വർണ്ണക്കവർച്ചാ കേസിൽ അറസ്റ്റിലായ ശബരിമല മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിനെ ഇന്ന് റാന്നി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കും. ദ്വാരപാലക ശിൽപങ്ങളിലെ സ്വർണ്ണപാളികളെ ചെമ്പു പാളികളെന്ന് രേഖപ്പെടുത്തി പോറ്റിക്ക് സഹായം ചെയ്തത് സുധീഷ് കുമാറാണ്.

✪✪✪

പുനഃസംഘടനയ്ക്ക് ശേഷം ആദ്യമായി KPCC യോഗം തിരുവനന്തപുരം ഇന്ദിരാഭവനിൽ ആരംഭിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങളും പുനഃസംഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ചയായേക്കുമെന്നാണ് സൂചന.

✪✪✪

കോഴിക്കോട് കക്കോടിയിൽ മതിൽ ഇടിഞ്ഞുണ്ടായ അപകടത്തിൽ അതിഥി തൊഴിലാളി മരിച്ചു. പരുക്കേറ്റ മറ്റൊരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

എറണാകുളം - ബംഗലൂരു വന്ദേഭാരത് എക്സ്പ്രസിന് സമയക്രമമായി. എറണാകുളത്ത് നിന്ന് ഉച്ചയ്ക്ക് 2.30ന് പുറപ്പെട്ട് രാത്രി 11 മണിക്ക് ബംഗലൂരുവിലെത്തുന്ന ട്രെയിൻ പുലർച്ചെ 5.10ന് ബംഗലൂരുവിൽ നിന്ന് തിരിച്ച് ഉച്ച കഴിഞ്ഞ് എറണാകുളത്ത് എത്തും.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് 90,200 രൂപയായി. ഗ്രാമിന് 11,275 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിന് വെർച്വൽ ക്യൂ ബുക്കിങ് വൈകിട്ട് അഞ്ചിന് തുടങ്ങും. Sabarimala online.org എന്ന വെബ്സൈറ്റ് വഴിയാണ് ദർശനത്തിന് ബുക്ക് ചെയ്യേണ്ടത് - ഒരു ദിവസം എഴുപതിനായിരം പേർക്കാണ് അവസരം.

✪✪✪

പ്രധാൻമന്ത്രി ഗ്രാമീണ സഡക്ക് യോജനയിൽ നിർമ്മിച്ച കണ്ണൂർ കോയിപ്ര-താളിച്ചാൽ-തെന്നം റോഡും, മാവുള്ളപൊയിൽ പാലവും മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. അഞ്ചര കോടിയിൽപ്പരം രൂപ ചെലവിലാണ് നിർമ്മാണം പൂർത്തിയാക്കിയത്.

✪✪✪

കണ്ണൂർ കോർപറേഷൻ അമൃത് പദ്ധതിയിൽ നിർമിച്ച മൾട്ടി ലെവൽ കാർ പാർക്കിംഗ് വൈകിട്ട് K സുധാകരൻ MP ഉദ്ഘാടനം ചെയ്യും. കണ്ണൂർ ജവാഹർ സ്റ്റേഡിയത്തിന് സമീപം ആറു നിലകളിലായി നിർമ്മിച്ച കേന്ദ്രത്തിൽ 124 കാറുകൾ പാർക്ക് ചെയ്യാം.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സബിത കെ*
*NRTs: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*